17

# ദൈവജനമായി ജീവിക്കൽ

## (4:1)

ഏതെങ്കിലും നിലവാരത്തിൽ ജീവിക്കാമെന്നുള്ള പ്രതിജ്ഞയിൽ നിങ്ങൾ എപ്പോഴെങ്കിലും ഒപ്പു വെച്ചിട്ടുണ്ടോ? സ്ക്കൂൾ നിയമങ്ങൾ പാലിച്ചുകൊള്ളാം എന്നു നിങ്ങളോ നിങ്ങളുടെ രക്ഷിതാക്കളോ സമ്മതിച്ചു ഒപ്പിട്ടുകൊടുത്തിരിക്കാം. കമ്പനി ജോലിക്കാർ ജോലിക്കു കയറുമ്പോൾ കമ്പനി നിയമങ്ങൾ അനുസരിച്ചുകൊള്ളാമെന്നു ഒപ്പിട്ടു സമ്മതിച്ചേക്കാം. നിങ്ങൾ ഏതെങ്കിലും സംഘടനയിൽ ചേരുമ്പോൾ, അതിന്റെ നിലവാരം സൂക്ഷിച്ചുകൊള്ളുമെന്ന് ആ സംഘടന പ്രതീക്ഷിക്കുന്നു.

ഞാൻ ഒരു ക്രിസ്ത്യാനി ആയപ്പോൾ, ഒരു കാർഡിൽ മാത്രമെ ഒപ്പിട്ടു കൊടുത്തതായി ഓർക്കുന്നുള്ളു. ആ ഞായറാഴ്ച്ച വൈകുന്നേരം പാട്ടുപുസ്തകം താഴെ വെച്ച് ഞാൻ ആഡിറ്റോറിയത്തിന്റെ മുൻപിലേക്കു ചെന്നപ്പോൾ, എനിക്കു പരിഭ്രമമായിരുന്നു; എന്റെ പാദങ്ങൾ വിയർക്കുന്നുണ്ടായിരുന്നു, എന്റെ മുട്ടുകൾ കൂട്ടിമുട്ടുന്നുമുണ്ടായി രുന്നു. എന്റെ പേരും മേൽവിലാസവും എഴുതിക്കൊടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു കാർഡ് ഉപദേഷ്ടാവ് എനിക്കു നൽകി. ആ കാർഡിൽ മൂന്നിൽ ഏതെങ്കിലും ഒന്നു തിരഞ്ഞെടുക്കുവാനുണ്ടായിരുന്നു: “ഞാൻ സ്നാനപ്പെടുവാൻ ആഗ്രഹിക്കുന്നു,” “എന്റെ പാപങ്ങൾ ഏറ്റു പറയുവാൻ ആഗ്രഹിക്കുന്നു,” അല്ലെങ്കിൽ “എന്റെ അംഗത്വം ചേർക്കുവാൻ ആഗ്രഹിക്കുന്നു.” “ഞാൻ സ്നാനപ്പെടുവാൻ ആഗ്രഹിക്കുന്നു” എന്നതാണ് ഞാൻ അടയാളപ്പെടുത്തിക്കൊടുത്തത്. ഞാൻ സ്നാനമേറ്റു വെള്ളത്തിൽ നിന്നു കയറിയപ്പോൾ, സഭയുടെ നിലവാരമനുസരിച്ചു ജീവിച്ചുകൊള്ളാമെന്നു ഒപ്പിട്ടുകൊടുപ്പാൻ ആരും എന്നോടു ആവശ്യപ്പെട്ടില്ല. അതിനർത്ഥം സഭക്ക് നിലവാരം ഇല്ല എന്നല്ല. സഭക്കു നിലവാരം ഉണ്ട്. നമുക്കു പാലിക്കുവാൻ ചില നിലവാരങ്ങൾ ദൈവം വെച്ചിട്ടുണ്ട്. നാം അവന്റെ മക്കൾ എന്ന നിലയിൽ പ്രവർത്തിക്കുവാനാണ് ദൈവം പ്രതീക്ഷിക്കുന്നത്.

എഫെസ്യ ലേഖനത്തിന്റെ അവസാന പകുതി ഭാഗത്ത്, പൗലൊസ് സഭയ്ക്കു വേണ്ട അടിസ്ഥാന നിലവാരം നല്കിയിരിക്കയാണ്. ക്രിസ്ത്യാനിക്കു വേണ്ടതായ ദൈവോദ്ദേശജീവിതത്തെ അവൻ വിശദമാക്കുന്നു.

പൗലൊസ് തന്റെ ലേഖനത്തിൽ ഭാവിയിലേക്കു പകർത്താവുന്ന ഒരു മാതൃക പിന്തുടരുന്നത് - ഒരു ഉപദേശപരമായ ഭാഗവും, പിന്നെ പ്രായോഗികവശവും ആണ്. എഫെസ്യലേഖനത്തിലെ ആദ്യമൂന്നു അദ്ധ്യായങ്ങളിൽ കടുപ്പമേറിയ ഉപദേശങ്ങൾ അടങ്ങിയിട്ടുണ്ട്. 4 മുതൽ 6 വരെയുള്ള അദ്ധ്യായങ്ങളിൽ, പൗലൊസ് ഉപദേശപരമായ കാര്യങ്ങളിൽ നിന്നുമാറി ക്രിസ്തീയജീവിതത്തിന്റെ പ്രായോഗികതയിലേക്കു കടക്കുകയാണ്.

ഉപദേശപരവും പ്രായോഗികവുമായ ഭാഗങ്ങൾക്കിടയിൽ ഒരു പാലമായി

തീരുകയാണ് എഫെസ്യർ 4: 1: “കർത്തൃസേവ നിമിത്തം, ബദ്ധനായിരിക്കുന്ന, ഞാൻ പ്രബോധിപ്പിക്കുന്നത്, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം നടപ്പിൻ.” ഈ വാക്യം *ദ ന്യു സെഞ്ചുറി വെർഷൻ* തർജ്ജിമ ചെയ്തിരിക്കുന്നതാണ് എനിക്ക് ഇഷ്ടം: “കർത്താവിന്നുള്ളവൻ ആയതുകൊണ്ട് ഞാൻ ബദ്ധനായിരിക്കുന്നു. അവന്റെ ആളുകളാകുവാൻ ദൈവം നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു, അതുകൊണ്ട് ദൈവജനം എങ്ങനെ ജീവിക്കണമെന്നു ഞാൻ പറയുന്നു.” അദ്ധ്യായം 4 മുതൽ 6 വരെ, അതിലടങ്ങിയിരിക്കുന്നത് പൗലൊസ് വിശദമാക്കുന്നു. ദൈവജനം എങ്ങനെ ജീവിക്കണം എന്നു അവൻ വെളിപ്പെടുത്തിയിരിക്കുന്നു.

## നടപ്പ്

ക്രിസ്തീയജീവിതത്തെക്കുറിച്ച് പൗലൊസിനു നല്ല തീർച്ചയുണ്ടായിരുന്നു. വാക്യം 1-നെ എൻഐവി തർജ്ജിമ ചെയ്തിരിക്കുന്നത്, “[ഞാൻ] *പ്രബോധിപ്പിക്കുന്നത്* എന്തെന്നാൽ നിങ്ങളെ വിളിച്ച വിളിക്കു യോഗ്യമായി നടപ്പിൻ” എന്നാണ്. “പ്രബോധിപ്പിക്കുക” എന്നതിന്റെ ഗ്രീക്ക് വാക്ക് *പാരാ കലെയോ* എന്നാണ്, അതു പൗലൊസ് ഉപയോഗിച്ചത് തന്റെ അഗാധവും നീണ്ടുനിൽക്കുന്നതുമായ കരുതൽ പ്രകടിപ്പിക്കുവാനാണ്.

ഞാൻ ജൂനിയർ ഹൈസ്ക്കൂളിൽ ആയിരുന്നപ്പോൾ, എനിക്ക് എല്ലാം അറിയാമെന്ന രീതിയിലാണ് ഞാൻ പലപ്പോഴും പ്രവർത്തിച്ചത്. എന്റെ ജീവിതത്തിൽ ഈ സമയത്ത്, എനിക്ക് എന്റെ അപ്പനുമായി പലപ്പോഴും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം വ്യവസായാവശ്യത്തിനു ദൂരെ പോയപ്പോൾ, ജീവിതത്തെക്കുറിച്ചു ബാസ്ക്കറ്റു കളിയുമായി ബന്ധപ്പെടുത്തി, ഒരെഴുത്ത് എനിക്ക് എഴുതി വെച്ചിട്ടുപോയി. കുറച്ചു വർഷങ്ങൾക്കു മുൻപു ആ കത്ത് ഞാൻ കണ്ടെടുത്തു. ആ കടലാസ്, ചുക്കിച്ചുളുങ്ങി, മൃദുവായി തീർന്നിരുന്നു. മഷി മങ്ങി പോയിരുന്നു, എന്നാൽ ആ വാക്കുകളുടെ അനിവാര്യത മങ്ങിയിരുന്നില്ല. ഓരോ വാചകത്തിലേയും തീവ്രത ഇപ്പോഴും നിറഞ്ഞു നില്ക്കുന്നു. തന്റെ ഹൃദയമാണ് ആ കത്തിലേക്കു പകർന്നി രിക്കുന്നത് എന്നു അപ്പോഴും വ്യക്തമാക്കുന്നു.

എഫെസ്യർക്കുള്ള ലേഖനത്തിൽ പൗലൊസ് തന്റെ ഹൃദയം പകർ ന്നിരിക്കുകയാണ്. വെളിപ്പെടുത്തിയ വിളിക്കു യോഗ്യമായി നാം നടക്കണം എന്നു അവൻ അഭ്യർത്ഥിക്കുന്നു. എഫെസ്യലേഖനം എഴുതിയിട്ടു രണ്ടായിരത്തിലധികം വർഷങ്ങൾ കഴിഞ്ഞു, എന്നാൽ അതിൽ പറയുന്ന അത്യാവശ്യങ്ങൾക്കു മങ്ങൽ ഏറ്റിട്ടില്ല. വിളിച്ച വിളിക്കു യോഗ്യമായ നടപ്പ് ഇപ്പോഴും ആധുനികവും, ശക്തവും, അന്നത്തെ എഫെസ്യയിലെ ക്രിസ്ത്യാനികൾക്കു ആവശ്യമായിരുന്നതുപോലെ ഇന്നത്തെ ക്രസ്ത്യാനികൾക്കും ആവശ്യമാണ്.

മറ്റൊരു പ്രധാനവാക്ക് നിങ്ങൾ ശ്രദ്ധിക്കുവാൻ ആഗ്രഹിച്ചേക്കാം: “യോഗ്യമായ” (ഗ്രീക്ക്: *ആക്സിയോസ്*). “യോഗ്യമായ” എന്നതിന്റെ അർത്ഥം എന്താണ്? ടെക്സാസിലെ, മിഡ്ലന്റിലെ ഒരു ഇടവകയിൽ ഞാൻ ഒരു ഭാഗമായിരുന്നപ്പോൾ, ഞങ്ങൾ ഇടക്ക് ഒരു പാർക്കിൽ ഉല്ലാസയാത്രക്കും ഐസ്ക്രീം പാർട്ടിക്കുമായി പോകുമായിരുന്നു. മുതിർന്നവർ വോളിബാൾ കളിക്കും, കുട്ടികൾ ചാഞ്ചാട്ടപ്പലകയിലും കളിക്കും. ചാഞ്ചാട്ടപ്പലകയിൽ കളിക്കുവാൻ വലിയ പ്രാഗത്ഭ്യം ഒന്നും വേണമെന്നില്ല, പക്ഷെ അതിനു

ബാലൻസ് വേണം. അത് ഒരാൾക്ക് ഒറ്റക്കു കളിക്കുവാനും സാധ്യമല്ല. ആ പലക താഴേക്കും മുകളിലേക്കും പോകണമെങ്കിൽ രണ്ടു പേർ വേണം. ഓരോ അറ്റത്തും ഓരോരുത്തർ ഇരുന്നാലേ അതു പ്രവർത്തിപ്പിക്കുവാൻ പറ്റു.

പൗലൊസ് ഉപയോഗിച്ച "യോഗ്യത" എന്ന വാക്ക് ആ ആശയമാണ് നൽകുന്നത്. അതിന്റെ അക്ഷരികമായ അർത്ഥം "നിലനിർത്തുന്നതായ" എന്നാണ്. ഉപദേശവും പരിശീലനവും നിലനിർത്തുന്നതിനെയാണ് പൗലൊസ് നിർബ്ബന്ധിച്ചു പറയുന്നത്. നമുക്ക് ക്രിസ്തുവിൽ എന്തുണ്ട് എന്നും, ക്രിസ്തുവിൽ നാം ആരാണ് എന്നും, ക്രിസ്തു നമുക്ക് വേണ്ടി എന്തെല്ലാം ചെയ്തു എന്നതിനെ കുറിച്ചും അവൻ വളരെ ആഴത്തിൽ വിവരിക്കുന്നുണ്ട്. ഉപദേശത്തെ അറിഞ്ഞാൽ മാത്രം മതി എന്നല്ല പൗലൊസ് സൂചിപ്പിച്ചത്. നാം ആരാണെന്നറിഞ്ഞാൽ നമുക്ക് അതുപോലെ പ്രവർത്തിക്കുവാൻ കഴിയും എന്നാണ് അവൻ വ്യക്തമാക്കിയത്.

നാം ആരാണെന്ന വിധം പ്രവർത്തിക്കേണ്ടതെങ്ങനെയെന്നു 4 മുതൽ 6 വരെയുള്ള അദ്ധ്യായങ്ങൾ കാണിക്കുന്നു. വാസ്തവത്തിലുള്ള ലോകത്തിൽ ദൈവമക്കളായി ജീവിക്കുവാൻ എന്തു ചെയ്യണമെന്നു ദൈവമക്കളോടു പറയുന്നതാണ് പൗലൊസിന്റെ വാക്കുകൾ. ആ മൂന്നു അദ്ധ്യായങ്ങളിലെ ഉള്ളടക്കം ഇതാ ലളിതമായ ഒരു ബാഹ്യരൂപരേഖയിൽ:

1. *യോജിപ്പ്* (4:1-16) - ക്രിസ്തുവിന്റെ ശരീരത്തിലെ ഐക്യതക്കു ഉയർന്ന മുൻഗണന കൊടുക്കുക.

2. *വിശുദ്ധി* (4:17-6:9) - ഗൗരവമായി ദൈനന്തിനജീവിതത്തിൽ ദൈവ ഭക്തി പിൻതുടരുക.

3. *ശത്രുത്വം* (6:10-23) - സാത്താന്റെ പ്രതിരോധം വഴിയിൽ ഓരോ ഘട്ടത്തിലും പ്രതീക്ഷിക്കാം.

"ചാഞ്ചാട്ടപ്പലക" യുടെ ഒരറ്റത്തു സഭയെക്കുറിച്ചുള്ള അറിവാണ്. കൃപ മനസിലാക്കുന്നതും, വീണ്ടെടുപ്പിന്റെ ആവശ്യം തിരിച്ചറിയുന്നതും, മർമ്മത്തിൽ അതിശയിക്കുന്നതും, രക്ഷകന്റെ സ്നേഹം അളക്കുവാൻ ആവശ്യമായ ശക്തി അന്വേഷിക്കയും ചെയ്യുന്നതു അതിൽ ഉൾപ്പെടുന്നു.

"ചാഞ്ചാട്ടപ്പലക"യുടെ മറ്റെ അറ്റത്തോ? ദൈവത്തിന്റെ സഭയായി ജീവിക്കുന്നതിനെ സംബന്ധിച്ചോ? എന്തുകൊണ്ടാണ് പരദൂഷണം ഇപ്പോഴും നിലനില്ക്കുന്നത്? വിധിക്കൽ മനോഭാവമോ? പണിയുന്നതിനു പകരം തകർത്തുകളയുന്ന വാക്കുകൾ എങ്ങനെ നാം കൈകാര്യം ചെയ്യും? ക്രിസ്തുവിന്നു നമ്മോടുള്ള സ്നേഹത്തെക്കുറിച്ചുള്ള പ്രസംഗം സന്തോഷത്തോടെ കേട്ടിട്ടു ഭാര്യക്കു ഭർത്താവിനോടും ഭർത്താവിനു ഭാര്യയോടും സ്നേഹം ഇല്ലാതെ പ്രവർത്തിക്കുവാൻ കഴിയുന്നത് എങ്ങനെ? കർത്താവു നമുക്ക് നല്കിയ മാതാപിതാക്കളെ ബഹുമാനിക്കാതെ "കർത്താവേ, നിന്റെ നാമം ഞാൻ ഉയർത്തുന്നു" എന്നു നമുക്ക് എങ്ങനെ പാടുവാൻ കഴിയുന്നു?

നിങ്ങൾ പൗലൊസിന്റെ സ്ഥാനം കാണുന്നുണ്ടോ? ദൈവജനം അറിയേണ്ടത് അറിയുവാൻ മാത്രമല്ല, ദൈവജനം ജീവിക്കേണ്ടതുപോലെ ജീവിക്കുവാനും കൂടിയാണ് നാം വിളിക്കപ്പെട്ടത്.

### വിളി

4:1-ലെ വാക്കുകൾ വീണ്ടും വായിക്കുക: "കർത്തൃസേവ നിമിത്തം,

ബദ്ധനായിരിക്കുന്ന ഞാൻ, പ്രബോധിപ്പിക്കുന്നതു, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം നടക്കുക." പൗലൊസ് ഉപയോഗിച്ചിരിക്കുന്ന "അഭ്യർത്ഥിക്കുക," അല്ലെങ്കിൽ "ഉൽസാഹിപ്പിക്കുക" (എൻഐവി), എന്നതു അതിന്റെ തീവ്രത കാണിക്കുവാനാണ്. "യോഗ്യമാംവണ്ണം" എന്ന വാക്ക് നാം ആരാണെന്ന ഉപദേശത്തിനും നമുക്കു ക്രിസ്തുവിൽ എന്തുണ്ട് എന്ന തിനും ഇടയ്ക്കും ആവശ്യമായ തുലനാവസ്ഥയെ കാണിക്കുന്നു, നാം വിളി ക്കനുസരിച്ചു ജീവിക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗികമായ വ്യത്യാ സത്തെയും അതു കാണിക്കുന്നു.

നമുക്ക് ഒരു വാക്ക് കൂടെ പരിശോധിക്കാം: "വിളി" (ഗ്രീക്ക്.: *ക്ലെസിസ്*). പൗലൊസ് എഴുതി, "... നിങ്ങളെ വിളിച്ച വിളിക്കു യോഗ്യമായി നടപ്പിൻ." "വിളി" എന്നതു വന്നിരിക്കുന്ന ക്രിയ അർത്ഥമാക്കുന്നതു മറ്റൊരാളെ അടു ത്തേക്കു വരുവാൻ പറയുന്ന ആശയമാണ്. എന്റെ ബാല്യകാലത്ത്, എന്റെ അമ്മ ആഹാരം പാകം ചെയ്തു കഴിയുമ്പോൾ, ഞങ്ങളെ എല്ലാവരേയും ആഹാരം കഴിക്കുവാൻ വിളിക്കും. ആഹാരത്തിനായി കുടുംബാംഗങ്ങളെല്ലാം ഒന്നിച്ചുകൂടുവാൻ അവൾ ആഗ്രഹിക്കുന്നു. അതാണ് ആ ക്രിയയുടെ അടി സ്ഥാന ആശയം. ക്രിസ്ത്യാനികളായപ്പോൾ, ദൈവത്തിൽ നിന്നുള്ള വിളി നാം സ്വീകരിച്ചു. അവൻ തന്റെ വചനം മുഖാന്തരവും തന്റെ പുത്രൻ മുഖാ ന്തരവും നമ്മോടു സംസാരിക്കുന്നു, കാരണം നാമെല്ലാം അവനോടു ചേരു വാൻ അവൻ ആഗ്രഹിക്കുന്നു.

പുതിയനിയമത്തിൽ, "വിളി" എന്നതിന്റെ ക്രിയാരൂപം ഉപയോഗിച്ചിരി ക്കുന്നത് ഏതെങ്കിലും വ്യക്തിയെ പേർ ചൊല്ലി വിളിക്കുവാനാണ്. മറിയ ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവന്നു യേശു എന്ന പേർ വിളി ക്കേണം എന്നു യോസേഫിനോടു പറഞ്ഞു (മത്തായി 1:21). നാം അനുസര ണത്താൽ യേശുവിനോടു പ്രതികരിക്കുമ്പോൾ, ദൈവം നമുക്ക് പുതിയ പേരുകൾ അഥവാ, പദവികൾ നല്കുന്നു. അവൻ നമ്മെ "വിശുദ്ധന്മാർ," "പുത്രന്മാരും പുത്രിമാരും," "മക്കൾ," "വീണ്ടെടുക്കപ്പെട്ടവർ," "ക്രിസ്തു വിനോടു കൂട്ടവകാശികൾ," "അവന്റെ കൈപ്പണി," "അവന്റ ഭവനം" എന്നി ങ്ങനെ വിളിച്ചിരിക്കുന്നു.

ഒരു പ്രത്യേക ചുമതല ഒരാളെ ഏൽപ്പിക്കുമ്പോഴും ആ ക്രിയ ഉപയോ ഗിച്ചു കാണുന്നു. തന്നെ ഒരു അപ്പൊസ്തലനാകുന്നതിനാണ് "വിളിക്ക"പ്പെട്ട തെന്നു പൗലൊസ് പറയുന്നു (റോമർ 1:1). ദൈവം പൗലൊസിനെ ഒരു ജോലി ക്കായി തിരഞ്ഞെടുത്തു. നമ്മുടെ വിളിയിൽ ചുമതലകളും അടങ്ങിയിരി ക്കുന്നു: സേവിക്കുവാനാണ് നാം രക്ഷിക്കപ്പെട്ടത്. യേശുവിനെ ലോകത്തിൽ പ്രതിനിധീകരിക്കുക എന്ന ഉദ്ദേശത്തിനായിട്ടാണ് ദൈവം നമ്മെ വിളിച്ചു വേർതിരിച്ചത്.

"വിളി" എന്ന ക്രിയ മൂന്നാമതായി ഉപയോഗിച്ചിരിക്കുന്നതു ഒരു കല്ല്യാ ണവിരുന്നിലേക്കു ക്ഷണിക്കുന്നതുമായുള്ള ബന്ധത്തിലാണ്. ഒരു കല്ല്യാ ണവിരുന്നിനെക്കുറിച്ചുള്ള ഉപമ യേശു മത്തായി 22-ൽ പറയുന്നുണ്ട്. ഒരു രാജാവ് വലിയ ഒരു വിരുന്ന് ഒരുക്കി. വിരുന്നിൽ പങ്കെടുക്കുവാൻ ആളു കളെ ക്ഷണിക്കുവാൻ അവൻ തന്റെ ദാസന്മാരെ പറഞ്ഞയച്ചു. ക്രിസ്തു വിൽ, ദൈവരാജ്യത്തിന്റെ വിരുന്നിൽ പങ്കെടുക്കുവാൻ നമുക്കു വ്യക്തിപ രമായ ക്ഷണം ലഭിച്ചിരുന്നു. വെളിപ്പാട് 19:9 പറയുന്നു, "കുഞ്ഞാടിന്റെ കല്ല്യാ ണവിരുന്നിനു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ."

അവസാനമായി പുതിയനിയമത്തിൽ “വിളി” എന്നത് ഉപയോഗിച്ചിരിക്കുന്നത് കോടതിയിലേക്കു വിളിക്കുന്നതിനെ സൂചിപ്പിച്ചുകൊണ്ടാണ്. പത്രൊസിനെയും യോഹന്നാനെയും ന്യായാധിപസഭയിലേക്കു വിളിക്കുകയുണ്ടായി (പ്രവൃത്തികൾ 4:18). പൗലൊസിനെ ഫേലിക്സിന്റെ അടുക്കലേക്ക് വിളിക്കപ്പെട്ടു (പ്രവൃത്തികൾ 24:2). ന്യായാധിപന്റെ മുൻപിൽ *കണക്കു കൊടുക്കുവാൻ* വിളിക്കപ്പെടുന്നതിനെയും സൂചിപ്പിച്ചു പറയുന്നുണ്ട്. അതെല്ലാം വിളിക്കപ്പെടുന്നതിന്റെ ഭാഗം അല്ലേ? സകല ന്യായാധിപന്മാരുടേയും ന്യായാധിപന്റെ അടുക്കൽ പ്രത്യക്ഷനാകുവാനാണ് നമ്മെ വിളിച്ചിരിക്കുന്നത്.

അതിന്റെ ലക്ഷ്യാർത്ഥങ്ങളെല്ലാം ചേർത്തുകൊണ്ട്, “വിളിക്കുക” എന്നാൽ മറ്റുള്ളവരെ അടുത്തു കൊണ്ടുവരുവാൻ അവരോടു സംസാരിക്കുക എന്നർത്ഥം. നമ്മെ പുത്രന്മാരും പുത്രിമാരും എന്നു വിളിച്ചുകൊണ്ടാണ് ഇതു ദൈവം ചെയ്യുന്നത്. അവൻ നമ്മെ സേവിക്കുവാൻ വിളിക്കുമ്പോൾ നമ്മെ അവന്റെ അടുക്കലേക്ക് കൊണ്ടുവരികയാണ്. കുഞ്ഞാടിന്റെ കല്ല്യാണത്തിനു വ്യക്തിപരമായി വിളിച്ചുകൊണ്ടാണ് നമ്മെ അവനോടു അടുപ്പിക്കുന്നത്. നമ്മുടെ ഈ ലോകജീവിതം അവസാനിച്ചു കഴിയുമ്പോൾ ന്യായവിധിക്കായി ദൈവത്തിന്റെ അടുക്കലേക്കു വിളിക്കുന്നതിലൂടെ ദൈവം നമ്മെ വീണ്ടും അവനിലേക്ക് അടുപ്പിക്കുന്നു.

ഫലത്തിൽ, എഫെസ്യലേഖനം നമ്മോടു പറയുന്നത്, “ക്രിസ്ത്യാനികളേ, നിങ്ങളെ വിളിച്ച ഉദ്ദേശമനുസരിച്ചു ജീവിക്കുക. ദൈവം വിളിച്ച ആളുകളെ പോലെ ജീവിക്കുക. നിങ്ങൾ ആരാണെന്ന കാര്യം മറക്കരുത്. വിളിച്ച വിളിക്കു യോഗ്യമായി നടപ്പിൻ.”

അതു ചെയ്യുന്നതിനേക്കാൾ പറയുവാൻ എളുപ്പമാണ്. ചിലർ ഇന്നു പറയുന്നതുപോലെ, “നിങ്ങൾക്കു പറയുന്നതു പറയാം, എന്നാൽ നിങ്ങൾ അങ്ങനെ നടക്കുന്നുണ്ടോ?”

**ഉപസംഹാരം**

ജൂനിയർ ഹൈസ്ക്കൂളിലെയും ഹൈസ്ക്കൂളിലെയും വിദ്യാർത്ഥികൾ സ്ക്കൂളിന്റെ അഭിമാനത്തിന് പലപ്പോഴും പ്രാധാന്യം കൊടുക്കുന്നു. സ്കൂളിലെ ഉദ്യോഗസ്ഥർ സ്കൂൾ പാരമ്പര്യത്തോടു അവർ ക്കുള്ള ആദരവിലും സ്കൂളിന്റെ മൂല്യം പ്രതിഫലിപ്പിക്കുന്നതിലും കൂടുതൽ ശ്രദ്ധിക്കും. ഞാൻ സ്കൂളിൽ പോയപ്പോൾ ഇതു വളരെ പ്രധാനപ്പെട്ടതായിരുന്നു. മിക്കമുതിർന്നവർക്കും അവരവരുടെ സ്കൂളിലേക്കു വിളിക്കപ്പെട്ട അവരുടെ ഉത്തരവാദിത്വങ്ങൾ ഇപ്പോഴും ഓർമ്മ കാണും.

ഈ വേദഭാഗം മറ്റൊരു വിളിയനുസരിച്ചു ജീവിക്കുവാനുള്ള വെല്ലുവിളി നൽകുന്നു - അവനെ പോലെ ആകുക. നാം ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും ആണ്. യേശു, ദൈവപുത്രനായി, ഭൂമിയിലേ ക്കുവന്നു ദൈവമക്കളായി ജീവിക്കുന്നതു എങ്ങനെ എന്നു കാണിച്ചു തന്നു. നമ്മെ വിളിച്ചിരിക്കുന്നതെന്തിനാണെന്നു അവൻ കാണിച്ചു തന്നിരിക്കുന്നു. ക്രിസ്തുവിൽ നിങ്ങളെ വിളിച്ചതുപോലെയാണോ നിങ്ങൾ ജീവിക്കുന്നത്?

താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ നിങ്ങൾക്ക് “വിളിച്ച വിളിക്കു യോഗ്യമായി” നടക്കുവാൻ കഴിയും: (1) *നിങ്ങളുടെ ആത്മിയ അവസ്ഥ പരിശോധിക്കുക.* വിളിച്ച വിളിക്കു യോഗ്യമല്ലാത്ത ഘടകങ്ങൾ നിങ്ങളുടെ ജീവിതത്തിലുള്ളതു വെളിപ്പെടുത്തുവാൻ ദൈവത്തോടു യാചിക്കുക.

(2) *മാറ്റം വരുത്തേണ്ട ഒന്നു തിരഞ്ഞെടുക്കുകയും, ഈ ആഴ്ച്ച അതിനായി പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യുക.* അസാധാരണമായി ഓരോന്നും എടുക്കുമ്പോൾ മാറ്റം സംഭവിച്ചു തുടങ്ങും. ഈ ആഴ്ച്ചയിലേക്കുള്ള ഒരു ലക്ഷ്യം തിരഞ്ഞെടുക്കുക. അടുത്ത ഞായറാഴ്ച്ച ആരാധനക്കു നിങ്ങൾ പോകുമ്പോൾ, "വിളിച്ച വിളിക്കു യോഗ്യമായി" ജീവിക്കുവാൻ അടുത്ത പടിയിലേക്കു പ്രവേശിക്കുവാൻ സഹായിച്ച ദൈവത്തിന്നു മഹത്വം കൊടുക്കുവാൻ നിങ്ങൾക്കു കഴിയും.